പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 30

# 2011-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ഭേദഗതി ബിൽ

1969-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1969-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ആക്റ്റ്, ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.—

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്ടിന് 2011-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ഭേദഗതി ആക്ട് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 11 എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.— 1969-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ആക്ട് (1969-ലെ 19)-ലെ 11-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്.—

"11 എ വർഷാശനം പുതുക്കൽ.— സർക്കാർ, ലാന്റ് ബോർഡ് സെക്രട്ടറിയുമായി കൂടിയാലോചിച്ച്, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, 2011-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ഭേദഗതി ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ, 11-ാം വകുപ്പുപ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള വർഷാശനം മൂന്നിരട്ടി തുകയായി പുതുക്കേണ്ടതും, അതിനുശേഷം ഓരോ അഞ്ചു വർഷം കഴിയുമ്പോഴും അങ്ങനെ പുതുക്കിയ വർഷാശനത്തിൽ ഇരുപത്തിയഞ്ച് ശതമാനം വർദ്ധനവ് വരുത്തേണ്ടതുമാണ്."

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1969-ലെ തിരുപ്പുവാരം കൊടുക്കൽ (നിറുത്തലാക്കൽ) സംബന്ധിച്ച ആക്ടിലെ (1969-ലെ 19) 11-ാം വകുപ്പുപ്രകാരം പൊതു സ്വഭാവമുള്ള മത സ്ഥാപനങ്ങൾക്കും ധർമ്മ സ്ഥാപനങ്ങൾക്കും നൽകേണ്ടതായ, നിർണ്ണയിക്കപ്പെട്ടിട്ടുള്ള, വർഷാശനം ആനുകാലികമായി പുതുക്കി നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ ആക്ടിൽ ഇല്ല.